സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 20.07.2023

നമ്പർ. L1/22721/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ഓരോ അക്കാദമിക വർഷത്തിലും നിയമിക്കപ്പെടുന്ന ഗസ്റ്റ് / താത്കാലിക ജീവനക്കാരുടെ സേവന കാലാവധി നീട്ടുന്നതിനുള്ള അനുമതി - സംബന്ധിച്ച്

സൂചന :- ____________

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് എഞ്ചിനീയറിങ് / പോളിടെക്നിക് കോളേജുകളിൽ ഓരോ അക്കാദമിക വർഷത്തിലും നിയമിക്കപ്പെടുന്ന ഗസ്റ്റ് / താത്കാലിക അധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ സേവന കാലാവധി, ബന്ധപ്പെട്ട അക്കാദമിക് കലണ്ടറുകൾ ക്രമീകരിക്കുന്നതിനനുസരിച്ച്, നീട്ടി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ധാരാളം കത്തുകൾ സ്ഥാപനമേധാവികളിൽ നിന്നും ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

- എഞ്ചിനീയറിങ് / പോളിടെക്നിക് കോളേജുകളിലേക്ക് ഗസ്റ്റ് / താത്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകുന്നത് ഓരോ അക്കാദമിക വർഷങ്ങൾ അടിസ്ഥാനമാക്കിയാണ്. ഇത്തരത്തിൽ ഓരോ അക്കാദമിക വർഷങ്ങളിലേക്കും നടത്തുന്ന നിയമനങ്ങൾക്ക്, അക്കാദമിക വർഷത്തിൻറെ അവസാനം വരെയോ സ്ഥിരം തസ്തികയിൽ ജീവനക്കാർ സേവനത്തിൽ പ്രവേശിക്കുന്നത് വരെയോ പാഠ്യപദ്ധതി പ്രകാരമുള്ള ക്ലാസുകൾ അവസാനിക്കുന്നത് വരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.
- എഞ്ചിനീയറിങ് കോളേജുകളിലെ അക്കാദമിക വർഷത്തിൻറെ കാലാവധി കേരളാ സാങ്കേതിക സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന അക്കാദമിക് കലണ്ടർ പ്രകാരവും പോളിടെക്നിക് കോളേജുകളിലെ അക്കാദമിക വർഷം SITTTR പ്രസിദ്ധീകരിക്കുന്ന അക്കാദമിക് കലണ്ടർ പ്രകാരവുമാണ് നിശ്ചയിച്ചിട്ടുള്ളത്.
- ഓരോ അക്കാദമിക വർഷത്തെയും പാഠ്യപദ്ധതി പൂർത്തീകരിക്കുന്നതിൻറെ ഭാഗമായി സാങ്കേതിക സർവ്വകലാശാല സ്വന്തം നിലയിലും SITTTR സർക്കാരിന്റെ അനുമതിക്ക് വിധേയമായും അക്കാദമിക് കലണ്ടറുകളിൽ ചില ക്രമീകരണങ്ങൾ വരുത്താറുണ്ട്. ഇത്തരത്തിൽ അക്കാദമിക് കലണ്ടറിൽ ക്രമീകരണങ്ങൾ വരുത്തുന്നുണ്ട് എങ്കിലും അക്കാദമിക വർഷത്തിൽ മാറ്റം സംഭവിക്കാറില്ല. അതുകൊണ്ട് തന്നെ ഒരു അക്കാദമിക വർഷത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ സാങ്കേതിക സർവ്വകലാശാല / SITTTR അക്കാദമിക് കലണ്ടറിൽ വരുത്തുന്ന ക്രമീകരണങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട അക്കാദമിക വർഷത്തിൽ തുടരുവാൻ അനുവദിക്കാവുന്നതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ, ഒരു അക്കാദമിക വർഷത്തേക്ക് നിയമനത്തിന് അനുമതി ലഭിച്ചതിനെ തുടർന്ന് നിയമിക്കപ്പെടുന്ന ഗസ്റ്റ് / താത്കാലിക ജീവനക്കാരുടെ സേവന കാലാവധി, സാങ്കേതിക സർവ്വകലാശാല / SITTTR അക്കാദമിക് കലണ്ടറുകളിൽ വരുത്തുന്ന ക്രമീകരണങ്ങൾക്ക് അനുസൃതമായി, നീട്ടി ലഭിക്കുന്നതിന് പ്രത്യേക അനുമതി തേടേണ്ടതില്ല എന്ന വിവരം എല്ലാ സ്ഥാപനമേധാവികളെയും അറിയിക്കുന്നു.

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്, EA / EB / EC / ED / അക്കാദമിക് (എ) / അക്കാദമിക് (ബി) സെക്ഷനുകൾ.
3. സ്റ്റോക്ക് ഫയൽ

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.07.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File L1/22721/23/DTE Approved by Director (in-charge) on 20-Jul-2023 07:31 AM - Page 1